# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.889 30.06.2015-ൽ മറുപടിക്ക്

## കുടിവെള്ള ലഭ്യത ഉറപ്പ് വരുത്താൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.റ്റി.ബൽറാം<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, ജോസഫ് വാഴയ്ക്കൻ<br>,, കെ.ശിവദാസൻ നായർ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) കടിവെള്ള ലഭ്യത ഉറപ്പുവരുത്താനും ഗുണനിലവാരം മെച്ചപ്പെടുത്തുവാനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) ഉണ്ട്. കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനായി പുഴകൾ ജലസ്രോതസ്സായുള്ള പദ്ധതികളിൽ വേനൽക്കാലത്ത് താൽക്കാലിക തടയണകൾ നിർമ്മിക്കാറുണ്ട്. കൂടാതെ പുതിയ പദ്ധതിക്കും നിലവിലുള്ളവയ്ക്കും സ്ഥിരം തടയണകൾ ആവശ്യാനുസരണം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിന് Source Improvement -ൽ പെടുത്തി കിണർ, ഗ്യാലറി, ലീഡിങ് ചാനൽ എന്നിവയുടെ ചെളി നീക്കം ചെയ്യുക, ലീഡിങ് ചാനലിന്റെ നീളം കൂട്ടുക, ആഴം വർദ്ധിപ്പിക്കുക തുടങ്ങിയ പ്രവൃത്തികൾ ചെയ്തു വരുന്നു. കൂടാതെ പൈപ്പ് ലൈനുകളുടേയും പമ്പ് സെറ്റുകളുടേയും അറ്റകുറ്റ പണികൾ യഥാസമയം തീർക്കുകയും ചെയ്യുന്നു. സംസ്ഥാന ഗവൺമെന്റിന്റെയും, കേന്ദ്ര ഗവൺമെന്റിന്റെയും, നബാർഡ്, ജിക്ക തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടേയും ധനസഹായത്തോടുകൂടി ശുദ്ധജല വിതരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയും കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നു. കൂടുതൽ ജനങ്ങൾക്ക് ജലലഭ്യത ഉറപ്പു വരുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി ഇപ്പോൾ നടപ്പിലാക്കി വരുന്ന ചെറുതും വലുതുമായ പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ വിവിധ തലങ്ങളിലായി നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ ജലഗുണനിലവാര പരിശോധനക്കുവേണ്ടി കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിൽ 16 സബ് ഡിവിഷണൽ ലാബു |

കളും 14 ജില്ലാതല ലാബുകളും ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും ഇപ്പോൾ പ്രവൃത്തിച്ചു വരുന്നു. വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരണശാലയിൽ ശുദ്ധീകരിച്ച് അണുവിമുക്തമാക്കി ഗുണനിലവാരം ഉറപ്പു വരുത്തിയതിനുശേഷം മാത്രമാണ് വിതരണം ചെയ്യുന്നത്. ഇതിനു പുറമേ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഉദ്യോഗസ്ഥർ വിവിധ കുടിവെള്ള വിതരണ സ്കീമുകളിൽ നടത്തുന്ന പരിശോധനയുടെ ഭാഗമായി കുടിവെള്ള സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്നു. പൊതുജനങ്ങൾ മുഖ്യമായും ആശ്രയിക്കുന്ന കിണറുകൾ മുതലായ കുടിവെള്ള സ്രോതസ്സുകളിലെ ജലപരിശോധനയും മേൽപ്പറഞ്ഞ ലാബുകളിൽ നടത്തി വരുന്നു. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് ഡ്രിങ്കിങ് വാട്ടർ ആന്റ് സാനിറ്റേഷൻ അനുശാസിക്കുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരത്തിനുള്ള മാർഗ്ഗരേഖ പ്രകാരം കേന്ദ്രഗവൺമെന്റിന്റെ നാഷണൽ റൂറൽ ഡ്രിങ്കിങ് വാട്ടർ പ്രോഗ്രാം (NRDWP) ന്റെ ധനസഹായത്തോടെ പുതിയതായി 19 ജലഗുണനിലവാര പരിശോധനാ സബ് ഡിവിഷണൽ ലാബുകൾ തുടങ്ങുന്നതിനുള്ള സജ്ജീകരണങ്ങൾ പൂർത്തീകരിക്കുകയും ഇതിൽ 16 എണ്ണം പ്രവർത്തനക്ഷമമാകുകയും ചെയ്തിട്ടുണ്ട്. ജനസംഖ്യയിൽ 200 പേർക്ക് ഒരു കുടിവെള്ള സാമ്പിൾ എന്ന കണക്കിൽ ഗുണനിലവാര പരിശോധന നടത്തുന്നതിനുവേണ്ടി 31 പുതിയ ക്വാളിറ്റികൺട്രോൾ സബ് ഡിവിഷണൽ ലാബുകൾ കൂടി തുടങ്ങുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. മേൽ പറഞ്ഞ ലാബുകളിലെല്ലാം ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ് നം. 10500 (2012) നിഷ്കർഷിക്കുന്ന രീതിയുടെ അടിസ്ഥാനത്തിലാണ് ഗുണനിലവാര പരിശോധന നടത്തുന്നത്. മേൽപ്പറഞ്ഞവ കൂടാതെ കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങൾ കേന്ദ്രമാക്കി പുതിയ 3 മൊബൈൽ ലാബുകൾ തുടങ്ങുന്നതിനുള്ള പ്രവർത്തനം അവസാന ഘട്ടത്തിലാണ്. മേൽ പറഞ്ഞ പ്രകാരം നടത്തുന്ന ഗുണനിലവാര പരിശോധനയിൽ ചില സാമ്പിളുകളിൽ കാണപ്പെടുന്ന മാലിന്യത്തിന്റേയും ക്വാളിഫോം ബാക്ടീരിയയുടേയും സാന്നിദ്ധ്യം യഥാസമയം വാട്ടർ അതോറിറ്റിയുടേയും മറ്റു സ്ഥാപനങ്ങളുടേയും ഉദ്യോഗസ്ഥരേയും അധികാരികളേയും

അറിയിച്ചു വരുന്നു. കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ NRDWP -യിൽ ഉൾപ്പെടുത്തി കേരളത്തിലെ 44 നദികളിലെ 126 നിർദ്ദിഷ്ട പോയിന്റുകളിലെ ജലസാമ്പിളുകളുടെ ഗുണനിലവാര പരിശോധനയും പ്രസ്തുത ലാബുകളിൽ നടത്തിവരുന്നുണ്ട്.

ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

ബി) എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ആവശ്യമായ അളവിൽ എല്ലായ്പോഴും ലഭ്യമാക്കുകയാണ് കേരള വാട്ടർ അതോറിറ്റി ഈ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്. ശാസ്ത്രീയമായ രീതിയിൽ ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയ ജലം പദ്ധതിപ്രദേശങ്ങളിൽ ആവശ്യമായ അളവിൽ വിതരണം ചെയ്യുകയാണ് ഈ പദ്ധതിയുടെ സവിശേഷത. ജലനിധി പഞ്ചായത്തുകളിൽ ജലസുരക്ഷാ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കി വരികയാണ്. ജലസംരക്ഷണവും, ഭൂഗർഭ ജല പരിപോഷണവും ആണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. പാഴായിപ്പോകുന്ന മഴവെള്ളത്തെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത്.

സി പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണെന്ന് വിശദമാക്കുമോ:

സി കേരള ജല അതോറിറ്റി മുഖേനയാണ് സംസ്ഥാനത്ത് ഇത്തരം പദ്ധതികൾ നടപ്പിലാക്കി വരുന്നത്. സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, നബാർഡ്, ജിക്ക എന്നിവരുടെ ധനസഹായത്തോടെയാണ് ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നത്. ഇതിനു പുറമേ ജലനിധി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയും ശുദ്ധജലവിതരണത്തിനായി പദ്ധതി നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| ഡി | ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | ഡി | കേരള വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ചെറുതും വലുതുമായ പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടുകയും തടസ്സങ്ങൾ നീക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇതിനു പുറമെ ഹെഡ് ഓഫീസിൽ മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ ഓഫീസർമാർ PASK (Project Alert System) സംവിധാനത്തിലൂടെയും വീഡിയോ കോൺഫറൻസിലൂടെയും പദ്ധതിയുടെ പുരോഗതികൾ വിലയിരുത്തി പദ്ധതികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി മിഷൻ 676-ൽ ഉൾപ്പെടുത്തി കർമ്മ പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ട്.<br><br>പഞ്ചായത്തുകൾ ആവശ്യപ്പെടുന്ന പ്രകാരം പഞ്ചായത്ത് തന്നെ സഹായ സംഘടനകളെ തിരഞ്ഞെടുക്കുകയും ജലനിധി പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ഗുണഭോക്താക്കളെ കണ്ടെത്തുകയും കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നു. പദ്ധതി ആവിഷ്കരിക്കുന്നതിനു വേണ്ടി പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന സഹായ സംഘടനയുടെ എഞ്ചിനീയർമാരും ജലനിധിയുടെ എഞ്ചിനീയർമാരും ചേർന്ന് അനുയോജ്യമായ ഭൂജല സംവർദ്ധന നിർദ്ദേശങ്ങളും എസ്റ്റിമേറ്റും തയ്യാറാക്കി ജലനിധിയുടെ സാങ്കേതികാനുമതിയോടെ പദ്ധതി നടപ്പിലാക്കുന്നു. |

Sd/-

സെക്ഷൻ ഓഫീസർ